പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3942 | 16-05-2017-ലെ മറുപടിക്ക്

**ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി** | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| **(എ)** | കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | **(എ)** | സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഉൽപാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി സർട്ടിഫിക്കേഷനോടു കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നുണ്ട്. വിഷരഹിത പഴം പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷിമുറകൾ പാലിച്ച് കൃഷി ചെയ്ത് വിഷരഹിതവും ജൈവവളം മാത്രം ഉപയോഗിച്ച് ഉൽപാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇക്കോഷോപ്പുകൾ വഴി ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും കാർഷികോത്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തിവരുന്നു. ടി. രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന ബോണസ് (ഇൻസെന്റീവ്) 2016-17 സാമ്പത്തിക വർഷത്തിൽ നൽകുകയുണ്ടായി. കൂടാതെ കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പാദനോപാധികൾ ഇക്കോഷോപ്പുകൾ വഴി വില്പന നടത്തുന്നുണ്ട്. |
| **(ബി)** | മണലൂർ മണ്ഡലത്തിൽ എത്ര ഇക്കോഷോപ്പുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ; | **(ബി)** | രണ്ട് ഇക്കോഷോപ്പുകൾ ഉണ്ട്. അന്തിക്കാട് ബ്ലോക്കിൽ മണലൂർ പഞ്ചായത്തിൽ കാഞ്ഞാണി ബസ് സ്റ്റാന്റിലും, മുല്ലശ്ശേരി പഞ്ചായത്തിലും. |
| **(സി)** | തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിൽ അനുവദിക്കപ്പെട്ട ഇക്കോ ഷോപ്പിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | **(സി)** | മുല്ലശ്ശേരി ബ്ലോക്കിലെ ഇക്കോഷോപ്പിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഇക്കോഷോപ്പിനായി 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് 2017 സെപ്റ്റംബർ മാസത്തിനുള്ളിൽ ചെലവഴിക്കുന്നതിനായി ELAMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**